കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് - പ്രൊഫഷണൽ കോഴ്സ് പഠനം പൂർത്തിയാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വിതരണം ചെയ്യുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.4006 /2017/തസ്വഭവ തിരുവനന്തപുരം, തീയതി,12.12.2017

വായന :- 1) പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2017-ലെ A2-180/ 17-ാം നമ്പർ കത്ത്

2) 15.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പ്രത്യേക വിഷയ തീരുമാനം നമ്പർ 4.12

ഉത്തരവ്

2016-17 വർഷം പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് വകയിരുത്തിയിരുന്നുവെന്നും ടെണ്ടർ നടപടി പൂർത്തിയായത് 31.03.2017 ന് ശേഷമായതിനാൽ ഈ വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നുവെന്നും എഗ്രിമെന്റ് വെച്ചിരുന്നവരിലുൾപ്പെട്ട മൂന്ന് പ്രൊഫഷണൽ വിദ്യാർത്ഥികൾ (ആരതി എം.പി (ഫാംഡി), വിപിൻ.വി ( ബി.ടെക്), ഷാലറ്റ് എം.എസ് (ബി.ഡി.എസ്) അവസാന വർഷ വിദ്യാർത്ഥികൾ ആയിരുന്നതിനാൽ പഠനം പൂർത്തിയാക്കിയെന്നും ഇവർക്കു കൂടി ലാപ് ടോപ് വിതരണം ചെയ്യാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത യോഗത്തിന്റെ 4.12 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സ് പഠനം പൂർത്തിയാക്കിയ മൂന്ന് വിദ്യാർത്ഥികൾക്ക് (ആരതി എം.പി (ഫാംഡി), വിപിൻ.വി ( ബി.ടെക്), ഷാലറ്റ് എം.എസ് (ബി.ഡി.എസ്) കൂടി ലാപ് ടോപ് വിതരണം ചെയ്യാൻ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡണ്ട്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്, കൊല്ലം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ് :- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ